# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തീക്കോയി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെഎസ്എകെടിഎം പി14/951/2 തീയതി 06.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തീക്കോയി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി14/951/2 തീയതി 06.08.2021 തീയ്യതി: 06/08/2021

## കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജി.പി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാന്റി ജോർജ്, അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷാജിമോൻ. പി.ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ ( 26.07.21 മുതൽ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ജെ. സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. അനിറ്റജോസഫ് | മെഡിക്കൽ ഓഫീസർ, പി എച്ച്സി | 01-04-2019 | 30-04-2019 |
| ഡോ.ബിബിരാജ് | മെഡിക്കൽ ഓഫീസർ, പി എച്ച്സി | 01-05-2019 | 31-03-2020 |
| അജിത.കെ.എസ് | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 16-12-2019 |
| പുഷ്കല | എെ.സി.ഡി.എസ്.സൂപ്പർവൈസർ | 17-12-2019 | 31-03-2020 |
| ഹണി ലിസ ചാക്കോ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഗ്രീഷ്മ.കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.അനീഷ്ശർമ്മ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ബിജു.കെ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| സതീഷ് കുമാർ.പി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 01-07-2019 |
| അർജുൻ മോഹൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-07-2019 | 31-03-2020 |
| ഡോ.സൗമ്യ ലക്ഷ്മി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗ്രീസ പി.എ. | സെക്രട്ടറി | 01-04-2019 | 13-10-2019 |
| | | 28-10-2019 | 07-03-2020 |
| ശ്രീമതി. സാറാമ്മ ജോസഫ് | ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്) | 14-10-2019 | 27-10-2019 |
| | | 07-03-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: P B Shajimon (Auditor, On 01-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 01-08-2021)<br>Last Updated By: Saji P R (Audit Officer, On 01-08-2021) | 1-4 |
| 5 | പദ്ധതിഅവലോകനം.<br>Written By: Saji P R (Audit Officer, On 01-08-2021)<br>Last Updated By: Saji P R (Audit Officer, On 01-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saji P R (Audit Officer, On 02-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: P B Shajimon (Auditor, On 01-08-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: P B Shajimon (Auditor, On 01-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Saji P R (Audit Officer, On 01-08-2021)<br>Last Updated By: Saji P R (Audit Officer, On 01-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-10 |
| 11 | വസ്തു നികുതി നിർണ്ണയം- ഉപയോഗക്രമം നിശ്ചയിച്ചതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-11 |
| 12 | നികുതി നിർണ്ണയത്തിൽ ക്രമപ്രകാരമല്ലാത്ത നടപടിക്രമങ്ങൾ<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-12 |
| 13 | ലൈസൻസ്<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Saji P R (Audit Officer, On 02-08-2021) | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-14 |
| 15 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഷെഡ് നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല<br>Written By: Saji P R (Audit Officer, On 02-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-15 |
| 16 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഷെഡ് നിർമ്മാണം- ജി.എസ്.റ്റി. വിഹിതം ഒടുക്കിയതിൽ കാലതാമസം<br>Written By: Saji P R (Audit Officer, On 02-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-16 |

| | | |
|---|---|---|
| 17 | പ്രോജക്ട് നമ്പർ168/20- സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-17 |
| 18 | വയോജന സൗഹൃദം കട്ടിൽ വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-18 |
| 19 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: P B Shajimon (Auditor, On 01-08-2021) | 1-19 |
| 20 | പ്രോജക്ട് നമ്പർ188/20 -സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്ട് - അപാകതകൾ<br>Written By: P B Shajimon (Auditor, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-20 |
| 21 | വാടകയ്ക്ക് നൽകിയ മുറിയുടെ കറന്റ് ചാർജ് ഒടുക്കി<br>Written By: Saji P R (Audit Officer, On 01-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-21 |
| 22 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Saji P R (Audit Officer, On 02-08-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: P B Shajimon (Auditor, On 30-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: P B Shajimon (Auditor, On 30-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: P B Shajimon (Auditor, On 30-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: P B Shajimon (Auditor, On 30-07-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: P B Shajimon (Auditor, On 30-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>Written By: P B Shajimon (Auditor, On 30-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 04-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ് 03.03.2020ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 2441628 | 7580196 | (+)5138568 |
| വരവ് | 104243127 | 51455742 | (-)52787385 |
| ആകെ | 106684755 | 59035938 | (-)47648817 |
| ചെലവ് | 102192730 | 51525149 | (-)50667581 |
| നീക്കിയിരിപ്പ് | 4492025 | 7510789 | (+)3018764 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) വാടക, ലേലം സംബന്ധിച്ച രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

5) ഓഡിറ്റ് റിക്കവറിയിനത്തിൽ വരവുണ്ടെങ്കിലും വാർഷികകണക്കുകളിലെ ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ പ്രതിഫലിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7580196 |
| ഓഡിറ്റ് വർഷത്തെ വരവ് | 51455742 |
| ആകെ | 59035938 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51525149 |
| നീക്കിയിരിപ്പ് | 7510789 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | 1797 |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 971139 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8076000 | 8076000 | 5924576 | 2151424 | 73.3 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1048000 | 1048000 | 516315 | 531685 | 49 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 870000 | 870000 | 784616 | 85384 | 90 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15147000 | 15147000 | 5677873 | 9469127 | 37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3251000 | 3251000 | 1513313 | 1737687 | 46.5 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 5409333 | 5409333 | 1641505 | 3767828 | 30 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 13847 | 10664053 | 10677900 | 10667847 | 10053 | 99.9 |
| ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം | 110394 | 301770 | 412164 | 0 | 412164 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 297477 | 0 | 297477 | 0 | 297477 | 0 |

വികസനഫണ്ട് പൊതുവിഭാഗം, ടി.എസ്.പി. വിഹിതങ്ങളിൽനിന്ന് യഥാക്രമം 911765/-രൂപ, 58824/-രൂപ വീതം കുറവുചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ ടി തുകകൾ സ്ഥാപനത്തിൽ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 231/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 455882 | വികസനഫണ്ട് പൊതുവിഭാഗം |
| 240/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 455883 | വികസനഫണ്ട് പൊതുവിഭാഗം |
| 232/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 29412 | ടി.എസ്.പി. |
| 241/20<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 29412 | ടി.എസ്.പി. |

## 1-5 പദ്ധതിഅവലോകനം.

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ച് 30.10.2018 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 3.11.2018 മുതൽ 15.11.2018 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 30.11.2018 ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 31.5.2019 തീയതിയിലും ഊരുകൂട്ടം 13.11.2018 ലും ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 03.03.2020 ലെ 1-ാം നമ്പർ പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 09.03-2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 215 | 95041650 | 108 | 29264617 | 107 | 50.23 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 956400 | 5 | 488400 |
| വെറ്റിനറി സർജൻ | 6 | 2497000 | 6 | 1077500 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 8 | 1204028 | 7 | 749858 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 377052 | 2 | 377052 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 170000 | 0 | 0 |
| വി.ഇ.ഒ | 22 | 51497134 | 17 | 14375606 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 2813405 | 3 | 1506952 |
| സെക്രട്ടറി | 33 | 9429457 | 18 | 3160877 |
| അസിസ്റ്റന്റ് എൻജിനീയർ | 129 | 25522174 | 49 | 7431882 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 575000 | 1 | 96490 |
| ആകെ | 215 | 95041650 | 108 | 29264617 |

- <u>ലക്ഷ്യം കൈവരിച്ചില്ല. 1.77 കോടിയിലധികം വരുന്ന സർക്കാർ ഗ്രാന്റ് തുക സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>

2019-20 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 17743135/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 8076000 | 5924576 | 2151424 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1048000 | 516315 | 531685 |
| വികസന ഫണ്ട് (ടി.എസ്.പി) | 870000 | 784616 | 85384 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 15147000 | 5677873 | 9469127 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3251000 | 1513313 | 1737687 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5409333 | 1641505 | 3767828 |
| ആകെ | | | 17743135 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 1 കോടി 77 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 13847 | 843369 | 857216 | 847163 | 10053 |
| ഇ.എഫ്.എം.എസ് | 0 | 9820684 | 9820684 | 9820684 | 0 |
| ആകെ | 13847 | 10664053 | 10677900 | 10667847 | 10053 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 44040 | 27 |
| വാർദ്ധക്യകാല പെൻഷൻ | 4267200 | 1442 |
| കർഷകതൊഴിലാളി പെൻഷൻ | 1005000 | 348 |
| വികലാംഗ പെൻഷൻവിധവാ പെൻഷൻ | 780900 | 261 |
| വിധവാപെൻഷൻ | 1683000 | 575 |
| വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 120600 | 42 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2021 3.00 പി.എം.ന് പഞ്ചായത്ത് സെക്രട്ടറി -യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2825/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുതെ തൃപ്തികരമാണ്. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.

4) പഞ്ചായത്ത് ജീവനക്കാർക്ക് ഓഫീസ് ഉത്തരവിലൂടെ ജോലി നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിലും വാർഷികമായോ ദ്വൈവാർഷികമായോ ജോലി മാറ്റി നൽകുന്നില്ല.

5) കെട്ടിടങ്ങളെ അവയുടെ വിനിയോഗത്തിന് അനുസൃതമായി നികുതി നിർണ്ണയിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2019 | 05/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.01.18- 8.2.18 | 2012-2013 മുതൽ 2016-2017വരെ | No LBA(HQ)II/ 8A-2781/380/ തീ: 12.04.18 |

## 1-11 വസ്തു നികുതി നിർണ്ണയം- ഉപയോഗക്രമം നിശ്ചയിച്ചതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

2019-20 സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ശ്രീ. ബാബുപരമേശ്വരൻ, കുറുന്തോട്ടത്തിൽ, മണക്കാട് പി.ഒ, തൊടുപുഴ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള259.55ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം ഓഫീസ് ആവശ്യം എന്ന ഉപയോഗക്രമത്തിനും, 279.18ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം വാണിജ്യം എന്ന ഉപയോഗക്രമത്തിനും നികുതി നിർണ്ണയം നടത്തി യഥാക്രമം V11-282 F, V11-282G എന്നീ നമ്പരുകൾ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിട ഉടമസ്ഥരുടെ വിവിധ കെട്ടിടങ്ങൾക്ക് റിസോർട്ട് എന്ന ഉപയോഗക്രമത്തിന് 279,280,281, 282, 282A, 282B, 282C, 282D, 282E എന്നീ നമ്പരുകൾ അനുവദിക്കുകയും വിന്റർ വെയ്ൽ ഗ്രീൻ സ്റ്റേ എന്ന റിസോർട്ട് നടത്തിവരികയും ചെയ്തിരുന്നു.. നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ07/ 19-20 തീയതി 26.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ V11-282 F നമ്പർ കെട്ടിടം പ്രസ്തുത റിസോർട്ടിന്റെ ഫ്രണ്ട് ഓഫീസായാണ് ഉപയോഗിക്കുന്നത് എന്നും, V11-282 G നമ്പർ കെട്ടിടം റെസ്റ്റോറന്റ് ആവശ്യത്തിനായാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തി (279,280,281, 282, 282A, 282B, 282C, 282D, 282E എന്നീ നമ്പരുകളിൽ ഉള്ള കെട്ടിടങ്ങൾ) പ്രവർത്തിക്കുന്ന റിസോർട്ടിന്റെ ഫ്രണ്ട് ഓഫീസ്, ലോബി, റിസപ്ഷൻ, എന്നിവയായി ഉപയോഗിക്കുന്ന കെട്ടിത്തിനാണ് വ്യവസായശാലകളോടനുബന്ധിച്ചുള്ള ഓഫീസ് കെട്ടിടം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. റിസോർട്ട് എന്ന ഉപയോഗക്രമത്തിന് ച.മീറ്ററിന് 80/ രൂപയും, ഓഫീസ് കെട്ടിടത്തിന് ച.മീറ്ററിന് 40/ രൂപയുമാണ് നികുതി നിരക്ക്. റെസ്റ്റോറന്റ് ആവശ്യത്തിനായാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ള V11-282 G നമ്പർ കെട്ടിടം റിസോർട്ട് കോമ്പൗണ്ടിനുള്ളിൽ റിസോർട്ടിൽ എത്തുന്നവർക്കായി മാത്രം ഒരുക്കുന്ന സൗകര്യമാണ്. റെസ്റ്റോറന്റ് ആവശ്യത്തിന് ച.മീറ്ററിന് 50/ രൂപയാണ്. നികുതി നിരക്ക്. ഇത്രയും വലിയ

റിസോർട്ടിൽ അതിന്റെ വിപുലീകരണത്തിനായി നടത്തുന്ന ഇത്തരം നിർമ്മാണപ്രവൃത്തികൾക്ക് കുറഞ്ഞ നിരക്ക് ലഭിക്കുന്നതിനായി ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവ് സംഭവിക്കുന്നു. മേൽ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരവിൽ കുറവ് സംഭവിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 നികുതി നിർണ്ണയത്തിൽ ക്രമപ്രകാരമല്ലാത്ത നടപടിക്രമങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം ശ്രീ. ബാബുപരമേശ്വരൻ, കുറുന്തോട്ടത്തിൽ, മണക്കാട് പി.ഒ, തൊടുപുഴ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള318.18ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം റിസോർട്ട് എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തി V11/ 282 E എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2019-20,20-21 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയ പരിശോധനയിൽ റിസോർട്ട് എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ V11/ 282E നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജ് എന്ന ഉപയോഗക്രമത്തിലേക്ക് മാറ്റിയതായി കണ്ടു. പ്രസ്തുത കെട്ടിട ഉടമസ്ഥരുടെ വിവിധ കെട്ടിടങ്ങൾക്ക് റിസോർട്ട് എന്ന ഉപയോഗക്രമത്തിന് 279,280,281, 282, 282A, 282B, 282C, 282D, എന്നീ നമ്പരുകൾ അനുവദിക്കുകയും വിന്റർ വെയ്ൽ ഗ്രീൻ സ്റ്റേ എന്ന റിസോർട്ട് നടത്തിവരികയും ചെയ്യുന്നു.

ഫയൽ പരിശോധിച്ചതിൽ നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമത്തിനല്ല പ്രസ്തുത കെട്ടിടം നിലവിൽ ഉപയോഗിക്കുന്നത് എന്ന ഉടമയുടെ അപേക്ഷ പരിഗണിച്ച് 20.06.2019 ൽ സ്ഥലപരിശോധന നടത്തിയ പഞ്ചായത്ത് ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത കെട്ടിടം ലോഡ്ജിംഗ് ( ഡോർമെട്രി) ആവശ്യത്തിന് ഉപയോഗിക്കുന്നതായും ഈ കെട്ടിടത്തോട് ചേർന്ന് 29.24 ച.മീറ്റർ വിസ്തീർണ്ണമുള്ള റെസ്റ്റോറന്റിനായുള്ള കെട്ടിടം പുതുതായി നിർമ്മിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ V11/ 282 E നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം റിസോർട്ട് എന്നതിൽ നിന്നും ലോഡ്ജ് എന്നതിലേക്ക് മാറ്റുന്നതിനും, പുതുതായി നിർമ്മിച്ചിട്ടുള്ള റെസ്റ്റോറന്റിനായുള്ള കെട്ടിടത്തിന് V11/ 282 F എന്ന നമ്പർ അനുവദിക്കുവാനും തീരുമാനിച്ചു . ഇതിന്റെ അടിസ്ഥാനത്തിൽ V11/ 282 E നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം റിസോർട്ട് എന്നതിൽ നിന്നും ലോഡ്ജ് എന്നതിലേക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റുകയും ചെയ്തു .

V11/ 282 E നമ്പർ കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ളതായി സ്ഥല പരിശോധനാ റിപ്പോർട്ടിൽ പറയുന്ന 29.24 ച.മീറ്റർ വിസ്തീർണ്ണമുള്ള റെസ്റ്റോറന്റിനായുള്ള കെട്ടിടത്തിന് അനുവദിച്ച് ഉത്തരവായ V11/ 282 F എന്ന നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയിട്ടില്ല. മാത്രമല്ല പ്രസ്തുത നമ്പർ ഉടമസ്ഥരുടേതന്നെ മറ്റൊരു കെട്ടിടത്തിന് അനുവദിക്കുകയും ചെയ്തു. ഒരേ ദിവസത്തെ ഒറ്റ ഉത്തരവിലൂടെ ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമം കുറഞ്ഞ നികുതി നിരക്കിലേക്ക് മാറ്റുന്നതിനും, പുതുതായി നിർമ്മിച്ച കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തുവാൻ നിർദ്ദേശവും നൽകി എങ്കിലും കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി നൽകുകയും, പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്താതിരിക്കുകയും ചെയ്തിരിക്കുന്നു. മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/19-20 തീയതി 27/07/21ന് ലഭ്യമാക്കിയ മറുപടിയിൽ ടിൻ ഷീറ്റുകൊണ്ട് നിർമ്മിച്ചിരുന്ന താത്കാലിക കെട്ടിടമായി ബോദ്ധ്യപ്പെട്ടതായി ഫീൽഡ് ക്ലാർക്ക് റിപ്പോർട്ട് ചെയ്തതിനാൽ നമ്പർ അനുവദിച്ചില്ല എന്നാണ് അറിയിച്ചത്. ഇത് തികച്ചും വസ്തുതാ വിരുദ്ധമാണ്. ഫീൽഡ് പരിശോധന നടത്തിയ സെക്ഷൻ ക്ലാർക്കിന്റെ പരിശോധനാ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ മേൽക്കൂര -ഷീറ്റ്, തറ- ടൈൽസ്, വിസ്തീർണ്ണം- 29.24 ച.മീറ്റർ , നൽകാവുന്ന നമ്പർ - V11/ 282 F എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കെട്ടിടത്തിന് V11/ 282 F എന്ന നമ്പർ നൽകുവാൻ ഉത്തരവായത്. പഞ്ചായത്തിനുവേണ്ടി ഫീൽഡ് പരിശോധന നടത്തുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ സമർപ്പിച്ച റിപ്പോർട്ടിന് ഘടകവിരുദ്ധമായ മറുപടിയാണ് ഓഡിറ്റ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും മേൽ വിഷയത്തിൽ പഞ്ചായത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കപ്പെട്ടില്ല എന്ന് വ്യക്തമാകുന്നു. മേൽ വിഷയം പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് എന്ന് ഭരണവകുപ്പിനോട് ശുപാർശചെയ്യുന്നു.

വിന്റർ വെയ്ൽ ഗ്രീൻ സ്റ്റേ എന്ന റിസോർട്ടിന്റെ കെട്ടിടങ്ങളുടെ നിർമ്മാണാനുമതിക്കായി പഞ്ചായത്തിൽ സമർപ്പിച്ചിരുന്ന പ്ലാൻ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ആവശ്യത്തിനായി 172.12ച.മീറ്റർ വിസ്തീർണ്ണമുള്ള സ്വിമ്മിംഗ്പൂൾ നിർമ്മിച്ചിട്ടുള്ളതായി വ്യക്തമാകുന്നു. എന്നാൽ സ്വിമ്മിംഗ്പൂൾ നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 3 (3) പ്രകാരം ഒരു കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ ഉണ്ട് എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. സ്വിമ്മിംഗ് പൂൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ സ്വിമ്മിംഗ് പൂൾ എന്ന് പ്ലാനിൽ കാണിച്ചിട്ടുള്ള ജലസംഭരണി കെട്ടിടത്തോട് ചേർന്നുള്ളതല്ല എന്നും ആയതിന് ഭിത്തി

കെട്ടിയിട്ടില്ല എന്നും സ്വിമ്മിംഗ് പൂൾ എന്ന അർത്ഥത്തിൽ കണക്കാക്കാൻ കഴിയാത്തതിനാലാണ്നികുതി നിർണ്ണയിക്കാത്തതാണ് എന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വെബ് സൈറ്റ് പരിശോധിച്ചതിൽ സ്വിമ്മിംഗ് പൂൾ സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട് .തന്നെയുമല്ല മറുപടി പ്രകാരം റിസോർട്ട് കെട്ടിടത്തോട് ചേർന്നല്ലാത്ത പ്രകൃതി ദത്തമായ ജലസംഭരണിയാണ് എങ്കിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നേടുന്നതിനായി സമർപ്പിച്ച പ്ലാനിൽ ഉൾപ്പെടുത്തേണ്ട കാര്യവും ഇല്ല. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭൗതിക പരിശോധന നടത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ആവശ്യമായ പരിശോധന നടത്തി അപാകത സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ഫോഗ്ഗി നോൾസ് റിസോർട്ട്, താബോർ ഹിൽസ് റിസോർട്ട് മുതലായ വലിയ സ്ഥാപനങ്ങളിൽ സമാനരീതിയിൽ സ്ഥാപനത്തിന്റെ വെബ് സൈറ്റുകളിൽ സ്വിമ്മിംഗ് പൂൾ സൗകര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. തനത് വരുമാനം തീരെ കുറവായ ഗ്രാമ പഞ്ചായത്തിന് ലഭിക്കാവുന്ന നികുതി ഇനങ്ങളിൽ കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ്

2019-20 സാമ്പത്തിക വർഷം 130 സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. മുൻ വർഷം 146 സ്ഥാപനങ്ങൾ ലൈസൻസ് നേടിയിരുന്നു.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണം/വിൽപ്പന ക്രമനം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും അബ്കാരി ഷാപ്പുകളും ലൈസൻസെടുത്തിട്ടില്ലെന്നു കാണുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം 146 സ്ഥാപനങ്ങൾ ലൈസൻസെടുത്തിരുന്നു. 2019-20 ൽ ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 130 ആണ്. വാണിജ്യാവശ്യത്തിനായി പെർമിറ്റെടുത്ത് നിർമിച്ച് വസ്തുനികുതി നിർണയിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം ഓരോ വർഷവും കൂടി വരുന്നുണ്ടെങ്കിലും ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ, വ്യവസായ , ഇതര ആവശ്യങ്ങൾക്കായി 615 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനും ആയത് വർഷാവർഷം പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷം ത്രിവേണി സ്റ്റോറിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല.

ടി സ്ഥാപനത്തിലെ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഷെഡ് നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം. 169/20 (110/18 )

അടങ്കൽ - 1200000 രൂപ ( ജില്ലാ പഞ്ചായത്ത് വിഹിതം- 1000000 രൂപ + തനത് ഫണ്ട്- 200000 രൂപ )

ചെലവ്- 821207 രൂപ ( ചെക്ക് നം. 1412355/3.3.20- 579901 രൂപ + ചെക്ക് നം. 1412356/3.3.20- 41306 രൂപ + ചെക്ക് നം. 43141/4.3.20- 200000 രൂപ )

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയതാണ് മേൽ പ്രവൃത്തി. പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ജി. ഐ ഷീറ്റ് റൂഫിംഗോടുകൂടിയ കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷനും സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമ്മാണവുമാണ്

ഉൾപ്പെടുത്തിയിരുന്നത്. ഫണ്ടിന്റെ കുറവ് മൂലം ഫ്ലോറിംഗ്, ടോയിലറ്റ് നിർമ്മാണം, പ്ലംബിംഗ് എന്നിവ

ഉൾപ്പെടുത്തിയിരുന്നില്ല. ഫയൽ പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. ഇലക്ട്രിഫിക്കേഷനായി 101371 രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നെങ്കിലും ഇത് ചെയ്തിട്ടില്ല. എം ബുക്ക്

പ്രകാരമുള്ള ആകെ വേലമൂല്യം 821207 രൂപയാണ്. ഇതിൽ നിന്നും നികുതി വിഹിതങ്ങൾ ഒടുക്കുന്നതിനായി 41306 രൂപ കുറവ് ചെയ്തതിനു ശേഷം 779901 രൂപ കരാറുകാരന് നൽകി.

2017-18 വർഷത്തെ പ്രോജക്ട് നം. 113/18പ്രകാരം വികസനഫണ്ട് 425000 രൂപ ചെലവഴിച്ച് ഷ്രെഡിംഗ് യൂണിറ്റിന് ആവശ്യമായ മെഷിനറികൾ വാങ്ങിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ അവ സ്ഥാപിച്ചിട്ടില്ല. 2017-18 വർഷത്തെ പ്രോജക്ട് നം. 158/18പ്രകാരം വികസനഫണ്ട് 275000 രൂപ ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ മാലിന്യം ശേഖരിക്കുന്നതിന് വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുമുണ്ട്. കൂടാതെ ഷെഡ് സ്ഥാപിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതും, ഷ്രെഡിംഗ് യൂണിറ്റ് യാഥാർത്ഥ്യമാക്കാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ 3/23.7.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 2021-22 വാർഷിക പദ്ധതിയിൽ ടി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട് എന്നും, 2021വർഷം ഇലക്ട്രിഫിക്കേഷനായി തുക വകയിരുത്തിയിരുന്നെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ടി.എസ് വാങ്ങുകയോ ചെയ്തിരുന്നില്ല എന്നും അറിയിച്ചു. ഷ്രെഡിംഗ് യൂണിറ്റ് യാഥാർത്ഥ്യമാക്കാൻ തുടർ നടപടികൾ സ്വീകരിച്ചിച്ച് വിവരം അറിയിക്കേണ്ടതാണ്. അതുവരെ 821207 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഷെഡ് സ്ഥാപിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമ പഞ്ചായത്തിനാണ് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഷെഡ് നിർമ്മാണം- ജി.എസ്.റ്റി. വിഹിതം ഒടുക്കിയതിൽ കാലതാമസം

പ്രോജക്ട് നം. 169/20

അടങ്കൽ - 1200000 രൂപ ( ജില്ലാ പഞ്ചായത്ത് വിഹിതം- 1000000 രൂപ + തനത് ഫണ്ട്- 200000 രൂപ )

ചെലവ്- 821207 രൂപ

തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരമുള്ള ആകെ വേലമൂല്യം 821207 രൂപയാണ്. ഇതിൽ നിന്നും നികുതി വിഹിതങ്ങൾ ഒടുക്കുന്നതിനായി 41306 രൂപ കുറവ് ചെയ്തതിനു ശേഷം 779901 രൂപ കരാറുകാരന് നൽകി. നികുതി വിഹിതങ്ങൾ ഒടുക്കുന്നതിനായി ട്രഷറി ചെക്ക് നം 1412356/ 3.3.2020 പ്രകാരം 41306 രൂപ അസിസ്റ്റന്റ് എൻജിനീയർക്ക് നൽകി. ഇത് ക്യാഷായി മാറി ആദായനികുതി 8458 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി 8130 രൂപ ഫൈൻ 8212 രൂപ കളക്ഷൻ ചാർജ് 82 രൂപ എന്നിവ ഒടുക്ക് വരുത്തിയിട്ടുണ്ട്. ജി.എസ്.റ്റി. ഒടുക്കുന്നതിനായി റിക്കവറി നടത്തിയ 16424 രൂപ ഒടുക്കിയിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജി.എസ്.റ്റി. ഒടുക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ 19.4.2021 ൽ 16424 രൂപ എസ്.ബി.ഐ പാല ബ്രാഞ്ചിൽ അടച്ചിട്ടുണ്ട് എന്ന് മറുപടി നൽകി. എന്നാൽ 2020 മാർച്ച് മാസം ക്യാഷായി മാറിയ തുക ഒടുക്കിയത് 2021 ഏപ്രിൽ മാസത്തിലാണ്. ജി.എസ്.റ്റി. ഒടുക്കുന്നതിനായി പിൻവലിച്ച തുക ഒരു വർഷം അസിസ്റ്റന്റ് എൻജിനീയറുടെ കൈയ്യിൽ സൂക്ഷിച്ചത് ക്രമപ്രകാരമല്ല. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പ്രോജക്ട് നമ്പർ168/20- സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ - അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ168/20- സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വിനോദ്.ടി.കെ, തടത്തിൽ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ07/19-20/20-.06.19 പ്രകാരം 73416/ രൂപയും ബിൽ നമ്പർ06/19-20/20.06.19 പ്രകാരം 76500/ രൂപയും ഉൾപ്പടെ 14916/രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും, നിലവിലുണ്ടായിരുന്നവ മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് വാർഡ് മെമ്പർമാരും, ഉദ്യോഗസ്ഥരും ആവശ്യമെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളും ഉൾപ്പടെ പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കേണ്ടിയിരുന്നത് . എന്നാൽ അപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ബിൽ നമ്പർ06/19-20/20.06.19 പ്രകാരം 76500/ രൂപ നൽകിയതിന് ആധാരമായി സ്ഥാപന ഉടമ ഹാജരാക്കിയ ബിൽ ( നം-050/ 13.03.19) പ്രകാരം 40W ട്യൂബ് സെറ്റ് എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് ക്രോംന്റൺ 50എണ്ണം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. മെമ്പർ മാരുടെ സാക്ഷ്യപത്രപ്രകാരം 50എണ്ണവും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപന ഉടമ ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിയിരുന്നു. ആയത്

ലഭ്യമാക്കിയിട്ടില്ല. 9W എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് ക്രോംന്റൺ 92 എണ്ണം വാങ്ങിയതായി വ്യക്തമാകുന്നുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മെമ്പർ മാരുടെ സാക്ഷ്യപത്രപ്രകാരം 13 വാർഡുകളിൽ 7എണ്ണം വീതം ആകെ 91എണ്ണം മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വയോജന സൗഹൃദം കട്ടിൽ വിതരണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് ജനറൽ വിഭാഗത്തിനായി നടപ്പാക്കിയ പ്രോജക്ടാണ്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രോജക്ട് നമ്പർ | ചെലവ്തുക | ഫണ്ടിനം | ബിൽനം, തീയതി |
|---|---|---|---|---|
| ജനറൽ | 132/20 | 183253/ രൂപ | വികസന ഫണ്ട് | 52/26.3.20/ 46788<br>53/26.3.20/ 46788/<br>54/26.3.20/ 42889<br>55/26.3.20/ 46788 |

പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം 5 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 30.01.2020 ലെ 3/2 നമ്പർ തീരുമാനപ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി നേരിട്ട് പരിശോധിച്ചതിന്റേയും, വി.ഇ.ഒ സമർപ്പിച്ച ടാബുലേഷൻ ഷീറ്റ് പരിശോധിച്ചതിന്റേയും അടിസ്ഥാനത്തിൽ ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 3899/രൂപയുടെ ആഞ്ഞിലി തടിയിൽ നിർമ്മിച്ച 10 വർഷത്തെ ഗ്യാരന്റി ഓഫർ ചെയ്തിട്ടുള്ള കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിന് അംഗീകാരം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 47 കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെൻഡർ ഫോറം പരിശോധിച്ചതിൽ സ്ഥാപനം ക്വോട്ട് ചെയ്ത 3899/രൂപയുടെ ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് 10 വർഷത്തെ ഗ്യാരന്റി ഓഫർ ചെയ്തിട്ടുണ്ട്. എന്നാൽ കട്ടിൽ വിതരണം ചെയ്തപ്പോൾ പ്രസ്തുത ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. സ്ഥാപന ഉടമ കരാർ ചമയ്ക്കുന്നതിനായി വാങ്ങി നൽകിയിട്ടുള്ള മുദ്രപ്പത്രം കരാർ എഴുതാതെ ഫയലിൽ ഇട്ടിരിക്കുകയാണ്. ക്വട്ടേഷനിൽ പങ്കെടുത്തതിൽ മറ്റ് സ്ഥാപനങ്ങളും ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് ഗ്യാരന്റി ഇല്ലാതെ 3899/രൂപയിൽ കുറവ് ക്വോട്ട് ചെയ്തിട്ടുണ്ട്. സ്ഥാപന ഉടമ സമർപ്പിച്ച ടെണ്ടറിൽ ആഞ്ഞിലി തടിയിൽ നിർമ്മിച്ച ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലുകൾക്ക് ഗ്യാരന്റി പീരിയഡിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വില ക്വോട്ട് ചെയ്തിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലിന് 2 വർഷം ഗ്യാരന്റിയുള്ളതിന് 3299/ രൂപയും 8 വർഷം ഗ്യാരന്റിയുള്ളതിന് 3499/ രൂപയും, 10 വർഷത്തെ ഗ്യാരന്റിയുള്ള കട്ടിലിന് 3899/രൂപയുമാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. ടെൻഡർ സ്പെസിഫിക്കേഷനിലുള്ള ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് ഗ്യാരന്റിയില്ലാതെ സ്ഥാപനം ക്വോട്ട് ചെയ്തിരിക്കുന്നത് 2999/ രൂപ മാത്രമാണ്. ഇതിൽ നിന്നും ഗ്യാരന്റി കാലാവധിയ്ക്കനുസരിച്ച് കട്ടിലിന്റെ വിലയിലുള്ള വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് സ്ഥാപനം ടെൻഡറിലൂടെ ഓഫർചെയ്ത 10 വർഷത്തെ ഗ്യാരന്റി ലഭിക്കുന്നതിനുള്ള രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/19-20/26.07.21ക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുള്ള മുദ്രപേപ്പറിൽ കരാർ എഴുതിച്ചേർക്കുന്നതാണ് എന്നും, 10 വർഷത്തെ ഗ്യാരന്റി പേപ്പർ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടികൾ ഉടൻ കൈക്കൊള്ളുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ വിലയിൽ വലിയ വ്യത്യാസം നൽകി വാങ്ങൽ നടത്തുകയും ഗുണഭോക്താവിന് ഗ്യാരന്റിയുടെ ലഭ്യത ഉറപ്പാക്കാതിരിക്കുകയും ചെയ്തത് ശരിയല്ല. അപാകതകൾ പരിഹരിക്കുന്നതുവരെ 183253/രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി 2019-20 സാമ്പത്തിക വർഷം വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് വിവരങ്ങൾ | ഒടുക്കിയതുക ഫണ്ടിനം | തുക ഒടുക്കിയ സ്ഥാപനം | ബിൽ നമ്പര |
|---|---|---|---|---|
| 1 | 63/20- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 229899/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 23/20.01.2020 |
| 2 | 143/20 ഞണ്ടുകല്ല്-മക്കൊള്ളി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 143571 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 21/19-20/ 3.11.19 |
| 3 | 248/20 മ്ലാക്കുഴി ചേരിമല ലിങ്ക് റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 8992/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 33/09.03.20 |
| 4 | 144/20 ചേരിമല പുല്ലുപാറ റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 146240 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 19/03.11.19 |
| 5 | 235/20 ആനയിളപ്പ് അതിർത്തി നടപ്പാത സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 34220/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 20/03.11.19 |

ഫണ്ട് ഡെപ്പോസിറ്റ് ചെയ്തപ്പോൾ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 പ്രോജക്ട് നമ്പർ188/20 -സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്ട് - അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വിനോദ്.ടി.കെ, തടത്തിൽ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. പ്രോജക്ടിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ05/19-20/30-.09.19 പ്രകാരം 149932/ രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

കരാറുകാരൻ 29.09.2019 ൽ സമർപ്പിച്ച കത്ത് പ്രകാരം വിവിധ വാർഡുകളിലെ 130 പോസ്റ്റുകളിലായി 130 ട്യൂബ് സെറ്റുകൾ റിപ്പയർ ചെയ്ത് തിരികെ സ്ഥാപിച്ചു എന്ന് വ്യക്തമാകുന്നു. ഒരു ട്യൂബ് സെറ്റ് റിപ്പയർ ചെയ്ത് തിരികെ സ്ഥാപിക്കുന്നതിന് 288/ രൂപ നിരക്കിൽ (288X 130) 37440/ രൂപ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 9W എൽ.ഇ.ഡി. ബൾബുകൾ 200 പോസ്റ്റുകളിൽ സ്ഥാപിച്ചു എന്നും പോസ്റ്റൊന്നിന് 188/ രൂപ നിരക്കിൽ ( 188x200) 37600/ രൂപ നൽകണമെന്നും ആവശ്യപ്പെട്ടു. ഇതിൻപ്രകാരം മെയിന്റനൻസ് ചാർജ് ഇനത്തിൽ ആകെ 75040/ രൂപ അനുവദിച്ചിട്ടുണ്ട്.

സ്ഥാപന ഉടമ 13.03.19ൽ ഹാജരാക്കിയ ബിൽ നമ്പർ 048/ 13.03.19 പ്രകാരം 40W ട്യൂബ് ലൈറ്റുകൾ 220/ എണ്ണവും, 9W എൽ.ഇ.ഡി. ബൾബ് ക്രോംന്റൺ 442 എണ്ണവും വാങ്ങിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പേജ് 133 ൽ ഇവ സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. ബിൽ പ്രകാരം 40W ട്യൂബ് ലൈറ്റ് ഒന്നിന് 32/, 9W എൽ.ഇ.ഡി. ബൾബ് ഒന്നിന് 87.5രൂപയും, വില നൽകിയിട്ടുണ്ട്. പ്രസ്തുത സാധനങ്ങളുടേയും അനുബന്ധ സാധനങ്ങളുടേയും വില ഇനത്തിൽ 74932/ രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം മെയിന്റനൻസ് ഇനത്തിനും, സാധനങ്ങളുടെ വില ഇനത്തിലും കൂടി ആകെ ക്രമീകരിച്ച് 149932/ ( 75040+ 74932) രൂപ ബിൽ നമ്പർ 5/ 19-20/ 30.09.19 പ്രകാരം നൽകിയിട്ടുണ്ട്. കരാറുകാരൻ 29.09.2019 ൽ സമർപ്പിച്ച കത്ത് പ്രകാരം വിവിധ വാർഡുകളിലെ 130 പോസ്റ്റുകളിലായി 130 ട്യൂബ് സെറ്റുകൾ റിപ്പയർ ചെയ്ത് തിരികെ സ്ഥാപിച്ചു എന്ന് വ്യക്തമാക്കുന്നു.. വാങ്ങിയതിൽ 90 ( 220-130) ട്യൂബ് ലൈറ്റുകൾ ഉപയോഗിച്ചിട്ടില്ല എന്നും, ആകെ വാങ്ങിയ 442 9W എൽ.ഇ.ഡി. ബൾബുകളിൽ 200 എണ്ണം മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്നും വ്യക്തമാകുന്നു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സാധനങ്ങൾ അവശേഷിക്കുന്നുമില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/19-20 ന് മറുപടി ലഭ്യമാക്കിയില്ല. ഉപയോഗിക്കാതെ അവശേഷിക്കുന്ന സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.. സാധനങ്ങളുടെ ഭൗതിക സ്റ്റോക്ക് ബോദ്ധ്യപ്പെടുത്തുന്നതിനും അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ 13.03.19 ലെ ബിൽ നമ്പർ 048/ 13.03.19 പ്രകാരം വാങ്ങിയ 40W ട്യൂബ് ലൈറ്റുകളിൽ 220 എണ്ണത്തിൽ ഉപയോഗിച്ച 130 ട്യൂബ് ലൈറ്റുകൾ കുറച്ച് 90 – ലൈറ്റുകളുടെ വിലയും , വാങ്ങിയ 442 9W എൽ.ഇ.ഡി. ബൾബുകളിൽ ഉപയോഗിച്ച 200 എൽ.ഇ.ഡി. ബൾബുകൾ കുറച്ച് 242എൽ.ഇ.ഡി. ബൾബുകളുടെ വിലയും നൽകിയത് അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച 24055/ ( ട്യൂബ് ലൈറ്റ് 90x 32=2880+ എൽ.ഇ.ഡി. ബൾബുകൾ 242x 87.5= 21175) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കിയില്ലെങ്കിൽ 24055/ രൂപയുടെ തടസ്സം നിരാകരിക്കലായി മാറുകയും, നഷ്ടത്തിന് ഇക്കാലയളവിലെ സെക്രട്ടറിയും, സെക്ഷൻ ക്ലാർക്ക് ശ്രീ. അനീഷ്. യു. എന്നിവരെ തുല്യ ഉത്തരവാദികളായി പരിഗണിക്കുന്നതുമാണ്.

കരാറുകാരൻ മെയിന്റനൻസ് നടത്തിയത് ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് എന്നത് സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്തിന് കൈമാറിയിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ, ലൊക്കേഷൻ, സ്ഥാപിച്ചിട്ടുള്ള ബൾബുകളുടെ ഇന വിവരം, ബൾബുകൾ സ്ഥാപിച്ചതിന്റെ വർഷം, തീയതി മുതലായ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും, നിലവിലുണ്ടായിരുന്നവ മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് വാർഡ് മെമ്പർമാരുടേയും, ഉദ്യോഗസ്ഥരുടേയും ആവശ്യമെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളും ഉൾപ്പടെ പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കേണ്ടിയിരുന്നത്. ഇപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല മേൽ സാഹചര്യത്തിൽ 149932/ രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. .

## 1-21 വാടകയ്ക്ക് നൽകിയ മുറിയുടെ കറന്റ് ചാർജ് ഒടുക്കി

തീക്കോയി ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിലെ റൂം നം XII/259 K, റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ് പ്രവർത്തിക്കുന്നതിന് വാടകയ്ക്ക് നൽകിയിരുന്നു. ഈ റൂമിലെ 8177 കൺസ്യൂമർ നമ്പരിലുള്ള വൈദ്യുതി കണക്ഷന്റെ കറന്റ് ചാർജ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നാണ് ഒടുക്കിയിരുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| 21900100/15.5.2019 | 302 |
| 21900277/24.7.2019 | 174 |
| 21900485/24.9.2019 | 335 |
| 21900674/12.11.2019 | 335 |
| 21900836/15.1.2020 | 356 |
| 21901044/12.3.2020 | 295 |
| ആകെ | 1797 |

വാടകയ്ക്ക് നൽകിയിരിക്കുന്ന റൂമിന്റെ കറന്റ് ചാർജ് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ഒടുക്കുന്നത് ശരിയല്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാടകയ്ക്ക് നൽകിയ റൂമിന്റെ കറന്റ് ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്ന് ഒടുക്കിയ 1797 രൂപ, തുക നൽകിയ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല

2019-20വർഷം തീക്കോയി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം/ പേര് | കാലിവീപ്പകളുടെ വില | തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| 1 | 152/20<br>തേവരുപാറ ഞണ്ട്കല്ല് റോഡ് റീ ടാറിംഗ് | 2959 | 29.04.2019 |
| 2 | 153/20<br>ചാത്തപ്പുഴ- കുമ്പളംപാറ റോഡ് റീടാറിംഗ് | 2421 | 29.04.2019 |
| | ആകെ | 5380 | |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. 5380രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1/20.7.21 ) നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചു. തുക സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | തീയതി | |
| 2019-2020 | ഓഡിറ്റ് വേളയിൽ തന്നെയാണ് സർട്ടിഫിക്കേഷനുവേണ്ടി കണക്കുകൾ പരിശോധിച്ചത്. | ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 10000000 | ലൈഫ് ഭവനപദ്ധതി (എസ്.റ്റി) | 560824 | 439176 |
| ജില്ലാ പഞ്ചായത്ത് | 19-20 | 10000000 | ലൈഫ് ഭവനപദ്ധതി (എസ്.റ്റി) | 200000 | 800000 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 3000000 | ലൈഫ് ഭവനപദ്ധതി ജനറൽ | 2463713 | 536287 |
| ജില്ലാ പഞ്ചായത്ത് | 19-20 | 3000000 | ലൈഫ് ഭവനപദ്ധതി ജനറൽ | 1621952 | 1914335 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 260000 | ലൈഫ് ഭവനപദ്ധതി ജനറൽ | 241320 | 18680 |
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 115700 | 84300 |
| ജില്ലാ പഞ്ചായത്ത് | 19-20 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150,000 | പാലിയേറ്റീവ് കെയർ | 38505 | 111495 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | മാലിന്യ നിർമ്മാർജനം-പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം | 621207 | 378793 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 120000 | ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 46490 | 735510 |

| | | | | | |
|---|---|---|---|---|---|
| | | വിതരണം | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ലഭിച്ച തുക | ചെലവഴിച്ചതുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 63/20- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 229899/ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 229899/ |
| എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 143/20 ഞണ്ടുകല്ല്- മക്കൊള്ളി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 143571 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 143571 |
| എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 248/20 മ്ലാക്കുഴി ചേരിമല ലിങ്ക് റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 8992/ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 8992/ |
| എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 144/20 ചേരിമല പുല്ലപാറ റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 146240 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 146240 |
| എക്സി. എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ പാലാ | 235/20 ആനയിളപ്പ് അതിർത്തി നടപ്പാത സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 34220/ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 34220/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2850378/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തീയതി | തുക | തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി, കെ.യു.ആർ.ഡി, എഫ്,സി | | 2850378 | 9580000 | 970589 | - | 11459789 |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 5215 രൂപ വരവ് ഉണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 3-1 (4) | 2721 | സാവിയോ സെബാസ്റ്റ്യൻ | 119010100514/ 20.7.19 |
| 2018-19 | 3-1(1) | 2494 | ഷാജി മാത്യു | 119010100509/ 17.7.19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-3 | 2000-01 | 4-31 | ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി വിഷയം പരിഗണിച്ച് വരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 59035938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51525149 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1797 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 971139 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 821207 | ശ്രീമതി ഗ്രീഷ്മ കെ.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 149932 | ശ്രീമതി ഗ്രീസ പി.എ. സെക്രട്ടറി |
| ആകെ | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

1-11, 1-12

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഗ്രീസാ പി.എ, | സെക്രട്ടറി | തൈപ്പറമ്പിൽ അതിരമ്പുഴ, കോട്ടയം |

| | | |
|---|---|---|
| ഗ്രീഷ്മ കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | കൊട്ടാരത്തിൽ, പൂഞ്ഞാർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993- 94 | എൽ.എഫ്.കെ.പി2/985/96/4.01.97/ 16.4.97 | |
| 1997-98 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(1)/3.12.18 | 1 |
| 1998-99 | എൽ.എഫ്.കെ.പി7/965/02 20.11.04/13.12.04 | -- |
| 1999-00 | എൽ.എഫ്.കെ.പി2/1253/ അദാ/14(2)/ 08.01.15 | 2 |
| 2000-01 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.18) 218(3)/03.02.18 | -- |
| 2002-03 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(10)/17.03.18 | 1 |
| 2003-04 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(2)/03.02.18 | 1 |
| 2004-05 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(4)/03.02.18 | 3 |
| 2005-06 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(5)/03.02.18 | 1 |
| 2006-07 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(6)/03.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി3/232/10/11.06.13 | |
| 2008-09 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(7)/03.02.18 | 3 |
| 2009-10 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(8)/03.02.18 | 3 |
| 2010-11 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) 218(11)/ 17.03.18 | 5 |
| 2011-12,2012-13 | കെ.എസ്.എ- കെ.ടി.എം.പി.14/(അദാ.2018) | 3 |

| | | |
|---|---|---|
| | 218(9)/ 03.02.18 | |
| 2013-14,2014-15 | കെ.എസ്.എ-കെ.ടി.എം.പി.14/906/17/23.11.18 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.14/1798/18/05.12.18 | 4 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14/1799/18/24.01.19 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/2022/2018/28.11.18/22.2.19 | 22 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.14/1123/2019/23.8.19 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്